بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 20/11/2015

## (07 SAFAR 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

## FALSE CONCEPTION OF JIHAD IN ISLAM & THE IMPORTANCE OF A KHALIFATHULLAH IN THE MUHAMMADAN UMMAH / ഇസ്ലാമിൽ തെറ്റിദ്ധരിക്കപ്പെട്ട ജിഹാദ് സങ്കൽപ്പവും മുഹമ്മദൻ സമുദായത്തിലെ ഖലീഫത്തുല്ലാഹ്‌യുടെ പ്രാധാന്യവും

**PART V**

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം, പറഞ്ഞു.

**ഇസ്ലാമിൽ തെറ്റിദ്ധരിക്കപ്പെട്ട ജിഹാദ്** : – ഇന്നത്തെ എന്റെ ഖുത്തുബയിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് 2015 നവംബർ 13 വെള്ളിയാഴ്ച ഫ്രാൻസിലെ പാരീസിൽ പരസ്യമായ കാര്യത്തെക്കുറിച്ച് ഒരൽപ്പം പറയുവാൻ ആഗ്രഹിക്കുകയാണ്. വെള്ളിയാഴ്ച ആ 13–ാം തീയതിയെക്കുറിച്ച് അനേകം ആളുകൾ വിശ്വസിക്കുന്നത്, ഫ്രഞ്ച് ജനത ഉൾപ്പടെ, ഒരു വലിയ അശുഭ സൂചകമായ ദിനമായിട്ടാണ്! ഈ അന്ധ വിശ്വാസത്തിന് ശക്തി പകരുന്നതായിരുന്നു കഴിഞ്ഞ വെള്ളിയാഴ്ച ഉണ്ടായ അനേകർ മരിക്കാനിടയായ കൊലപാതകങ്ങളും! സത്യത്തിൽ ഇത് വളരെ ദുഃഖകരമായ ഒരു സംഭവം തന്നെയാണ്. വിശിഷ്യാ ഈ ആക്രമണത്തിന് ഇരയായി തീർന്നവർ. എന്നാൽ ദൗർഭാഗ്യവശാൽ ഞാൻ ഇതുകൂടി ഊന്നിപറയുവാൻ ആഗ്രഹിക്കുകയാണ്. ഫ്രാൻസ് ഭരണകൂടം, അവരുടെ പരുഷമായ നിലപാടിൽ യാതൊരു മാറ്റവും വരുത്തുവാൻ തയ്യാറല്ല എന്നതാണ് ; വിശിഷ്യാ സിറിയൻ ജനതയെ ആയുധമണിയിക്കുന്ന കാര്യത്തിൽ, ബാശാർ അൽ അസാദിന്റെ ഭരണത്തെ തകിടം മറിക്കുക എന്ന ഉദ്ദേശ്യത്തോടെ ! മുസ്ലീങ്ങളെ മുസ്ലീങ്ങളെകൊണ്ടു തന്നെ കൊല്ലിക്കുക എന്ന അവരുടെ പദ്ധതിയിൽ നിന്ന് തരുമ്പും മാറാൻ തയ്യാറല്ല! ഇതിലൂടെ ഇസ്ലാമിനെ വീണ്ടും ബലഹീനമാക്കാമെന്ന ഉദ്ദേശത്തോടെ !

ഒരു സത്യം കൂടി തുറന്നു പറയട്ടെ! മുസ്ലീങ്ങളെന്ന പേരിൽ അവർ നടത്തപ്പെടുന്ന ജിഹാദ് തികച്ചും അനിസ്ലാമികമാണ്. കുറ്റകരമായി അവർ നടത്തുന്ന ആക്രമണങ്ങൾ നീതികരിക്കുവാൻ സാധ്യമല്ല. കാരണം അവർ അവരെ തന്നെ കൊല്ലുന്നു, അവർ ആത്മഹത്യ നടത്തുന്നു, ആത്മഹത്യ നടത്തുന്നത് നിരപരാധികളായ ആളുകളെ കൊല്ലുവാനുള്ള ഉദ്ദേശ്യത്തോടെ! ഇസ്ലാമിനും ഹസ്രത് മുഹമ്മദ് (സ) നും മുസ്ലീങ്ങൾക്കും എതിരിലുള്ള ഫ്രഞ്ച് ഗവൺമെന്റിന്റെ എല്ലാ വർഗ്ഗീയ ചിന്തയും നിലനിൽക്കുന്നിടത്തോളം അവർ കുറ്റവാളികൾ തന്നെയാണ്, എന്നിരുന്നാലും ഇക്കാരണത്താൽ മുസ്ലീങ്ങൾ, ഇസ്ലാമിന്റെ പ്രതിച്ഛായക്ക് മങ്ങൽ ഏൽപ്പിക്കുന്ന കടുത്ത പ്രവർത്തികൾ, പൈശാചിക പ്രവർത്തികൾ തിരിച്ചു ചെയ്യുവാൻ പാടില്ല. ഇസ്ലാമിന്റെ നിലനിൽപ്പിനെ അപകടപ്പെടുത്തുന്ന, മാത്രമല്ല ഫ്രാൻസിലെ നിരപരാധികളായ മുസ്ലീം സഹോദരീ സഹോദരന്മാരെ ഫ്രഞ്ച് ഗവൺമെന്റ് സംശയദൃഷ്ടിയോടെ വീക്ഷിക്കുവാൻ ഇടയാക്കുന്ന അത്തരം പ്രവർത്തികൾ ചെയ്യുവാൻ പാടില്ലാത്തതുതന്നെയാണ്. അവരോട് അസഹിഷ്ണുത പുലർത്തുവാൻ ഇത് ഇടയാക്കും.

2013 നവംബർ 1-ാം തീയതി നടത്തിയ വെള്ളിയാഴ്ച ഖുത്തുബയിൽ ഞാൻ പറഞ്ഞതുപോലെ, അല്ലാഹു (ത) ഇസ്‌ലാമിന് വേണ്ടി നിയോഗിച്ച അല്ലാഹുവിന്റെ ഖലീഫയുടെ പിന്നിൽ മുസ്ലീങ്ങൾ ഒന്നിക്കാത്തിടത്തോളംകാലം, ഒരേ ലക്ഷ്യത്തിനായി ഇസ്ലാം ഒന്നായി തീരാത്തടത്തോളം, എതിരാളികൾ ഇസ്ലാമിനെ ചവിട്ടി തേക്കുവാൻ എല്ലാ ശക്തിയും പ്രയോഗിക്കുന്നതാണ്. അങ്ങനെ, ഒന്നായി തീരാത്തടത്തോളം കാലം ഇസ്ലാമിക ദൗത്യത്തിൽ അച്ചടക്കം പാലിക്കാത്തിടത്തോളം കാലം, ആ ദൗത്യമോ തികച്ചും സമാധാനത്തെ പ്രബോധിക്കുന്നതുമാണ്. അല്ലാഹുവിന്റെ ഭൂമിയിലെ സകല മനുഷ്യരും, തങ്ങളുടെ സൃഷ്ടാവായ ദൈവത്തിന് സമർപ്പിക്കുവാനുള്ളവരാണ് എന്ന സന്ദേശം എത്തിക്കലുമാണ്! അങ്ങനെ ഒന്നായി തീരാത്തടത്തോളം കാലം മുസ്ലീങ്ങൾ അവരുടെ ദുരിതം തുടരേണ്ടി വരും.

ഓരോ സമയത്തും നമ്മുടെ മുസ്ലീം സഹോദരീ സഹോദരന്മാരെ യുദ്ധത്തിൽ കീഴ്പ്പെടുത്തുകയും ചവിട്ടി താഴ്ത്തുകയും ചെയ്യുന്നു എന്നത് ഒരു വസ്തുതയാണ്. അത് ഇസ്രായീലുകാരുടെ കൈകൾ കൊണ്ട് ആയാലും ശരി, അല്ലെങ്കിൽ മഹാ ശക്തികളുടെ കൈകൾ കൊണ്ട് ആയാലും ശരി, അല്ലെങ്കിൽ തങ്ങളുടെ തന്നെ സമുദായത്തിലുള്ള സഹോദരങ്ങളുടെ കൈകൾകൊണ്ട് ആയാലും ശരി, വിശിഷ്യാ നിരപരാധികളായ ആളുകൾ ഈ അക്രമത്തിന്റെ ഇരകളായി തീരുന്നു. ഇത് നമ്മുടെ ഹൃദയത്തിന് വളരെ വേദന ഉണ്ടാക്കുന്ന കാര്യം തന്നെയാണ്. ആയുധം കൊണ്ടുള്ള ജിഹാദ് ഒരു നിസ്സാര കാര്യമല്ല എന്നറിയണം. തീവ്രവാദികൾ ഇസ്ലാമിനെ അവരുടെ ചിന്തകൾക്കനുസൃതമായി വ്യാഖ്യാനിക്കുന്നതിനാൽ ഇസ്ലാമിനെ അവർ കൂടുതൽ അപഹാസ്യമാക്കുകയാണ് ചെയ്യുന്നത്. അതുമൂലം ഇസ്ലാമിനോടുള്ള ശത്രുത മറ്റുള്ളവർക്ക് വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇസ്ലാമിനെതിരെയുള്ള കൂടുതൽ യുദ്ധങ്ങൾ നടത്തുവാനുള്ള കാരണങ്ങൾ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഹസ്രത് മുഹമ്മദ് (സ) യുടെ തത്വങ്ങൾക്കെതിരിൽ, ഇസ്‌ലാം ഭീകരതയുടെ മതമാണ് എന്ന് പ്രചരിപ്പിക്കുവാൻ ഇടയാകുന്നു. ഇസ്ലാമിക രാജ്യങ്ങളിലെ നമ്മുടെ സഹോദരീ സഹോദരന്മാരോട് ചെയ്ത ക്രൂരതയൊക്കെ അവർ മറന്നു. അവർ അവിടേക്ക് പട്ടാളത്തിനുമേൽ പട്ടാളത്തെ നിയോഗിച്ചു. നമ്മുടെ നിരപരാധികളായ സഹോദരങ്ങളെ ഉപദ്രവിക്കുവാനായി. അവർ അവരുടെ നാവുകൾ കൊണ്ട് പറയുക പോലും ചെയ്തു. ഞങ്ങൾ സന്നദ്ധ സൈന്യത്തെ / യുദ്ധ സജ്ജീകരണങ്ങൾ എത്തിച്ചു കൊടുക്കുകയാണ്. അങ്ങനെ അവർ യുദ്ധാഗ്നിക്ക് തിരികൊളുത്തുകയാണ്, ഇത് ഭാവിയിൽ വളരെ മോശ ഫലങ്ങൾ ഉണ്ടാക്കുന്നതാണ്. ഓരോ രാജ്യവും, അതിന്റെ ഭരണകൂടം, അവർ ഒരു വൻശക്തിയായി കരുതുകയാണ്. എന്നാൽ അവരുടെ മുകളിൽ ഒരു സൃഷ്ടാവുണ്ട് എന്ന കാര്യം അവർ മറക്കുന്നു. ഇത്തരം ആളുകളും ഭരണകൂടവും കരുതുന്നത് വിധിക്കുവാനും കൊല്ലുവാനുമുള്ള അധികാരം അവരുടെ കൈകളിലാണെന്നാണ്. അമേരിക്കയെപോലുള്ള രാജ്യങ്ങൾ അവർ അണു പരീക്ഷണം നടത്തുന്നു. അവരുടെ രാജ്യം സംരക്ഷിക്കുന്നതിനുള്ള മുൻ കരുതലുകൾ ഓരോ രാജ്യവും സ്വീകരിക്കുന്നു. (മുൻപ് ഞാൻ പറഞ്ഞതുപോലെ മൂന്നാം ലോക മഹായുദ്ധം അതി വിദൂരമല്ല) എന്നാൽ ഈ എല്ലാ പദ്ധതികളിലും യുദ്ധ തന്ത്രങ്ങളിലും, അതിന്റെ ആഘാതം ചെന്ന് പതിക്കുന്നത് പ്രധാനമായും നിരപരാധികളിലായിരിക്കും. ആ ഇരകൾ, ആ നിരപരാധികൾ, അവർ മുസ്ലീങ്ങളായിരിക്കാം, മുസ്ലീങ്ങൾ അല്ലാത്തവരായിരിക്കാം, അവർ സമാധാനാനുകൂലികളായിരിക്കും. ലോകം ഭയാനകമായ ആ യുദ്ധത്തിൽ പ്രവേശിക്കുന്നത് ആഗ്രഹിക്കാത്തവരായിരിക്കും. അതിൽ ഏറ്റവും മോശമായത് ഇസ്ലാമിന്റെ മഹത്വത്തിനും നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) യുടെ അന്തസ്സിനുമേൽക്കുന്ന പരിക്കുകളായിരിക്കും.

ലോകമെമ്പാടുമുള്ള മുസ്ലീങ്ങളുടെ ചിന്താശക്തിയെ അല്ലാഹു ഉണർത്തട്ടെ . അവർ ഒന്നായി തീരേണ്ടതിന്റെ ആവശ്യകത അവർക്ക് ബോധ്യമാകട്ടെ ! ഇസ്ലാമിന്റെ യഥാർത്ഥമായ സൗന്ദര്യം അവർക്ക് കാണാൻ കഴിയട്ടെ. ഇപ്രകാരം ചെയ്യുന്നില്ലെങ്കിൽ ദിനംതോറും വർദ്ധിക്കുന്ന ഇസ്ലാമിക ശത്രു രാജ്യങ്ങളുടെ കാലടികളിൽ അവർ ചവിട്ടി അരയ്ക്കപ്പെടും. അവരുടെ കരങ്ങളിലൂടെ മുസ്ലീംങ്ങൾ അനുഭവിക്കേണ്ടി വന്ന നരകയാതനകൾ അവർ മറക്കുന്നു (പതിനായിരങ്ങൾ മരിച്ചു വീണു. ഒരു ദേശീയ ദുഃഖാചരണവുമുണ്ടായില്ല) ആകസ്മികമായി അവരിൽ എന്തെങ്കിലും സംഭവിക്കുമ്പോൾ, അവരിൽ ചില ഇരകൾ ഉണ്ടാകു

മ്പോൾ ഇതവരെ വളരെയധികം ഇളക്കിമറിക്കുന്നു. ഈ കുഴപ്പങ്ങൾ സൃഷ്ടിക്കുന്നത് രാഷ്ട്രതലവൻമാരാണ്. നിരപരാധികളായ ആളുകൾ അതിന്റെ ആഘാതം ഏറ്റുവാങ്ങുന്നു. നിങ്ങൾ മനസ്സിലാക്കണം ! തീവ്രവാദികളായ മുസ്ലീങ്ങൾ ചെയ്ത നടപടിയെ ഞാൻ പ്രോത്സാഹിപ്പിക്കുകയോ, അംഗീകരിക്കുകയോ ചെയ്യുന്നില്ല. അവരുടെ പ്രവർത്തികൾ തികച്ചും ഇസ്ലാമിക വിരുദ്ധമാണ്. എന്നാൽ ഞാൻ പറഞ്ഞു വരുന്നത്, വിപത്തുകൾ നേരിട്ടവരുടെ കാര്യം പരിഗണിക്കുമ്പോൾ ഇസ്ലാം വിരുദ്ധ ഭരണകൂടങ്ങളുള്ള രാജ്യങ്ങൾ മനസ്സിലാക്കുന്നത്, അവർ ഒന്നിക്കണം, ഒരുമിക്കണം, അവർക്കിടയിൽ സമാധാന ലംഘനം ഉണ്ടാക്കുന്ന മുസ്ലീങ്ങളെ നേരിടുവാൻ മാത്രമല്ല, മുസ്ലീങ്ങൾ പരസ്പരം പോരാടുന്നിടത്തും, ഉദാഹാരണമായി സുന്നീ മുസ്ലീങ്ങൾ ഷിയാ മുസ്ലീകൾക്കെതിരിൽ പോരാടുന്നു; സുന്നികൾ അഹ്മദി മുസ്ലീങ്ങളെ കൊല്ലുന്നു. തുടങ്ങിയവ.

എപ്പോൾ മുസ്ലീങ്ങൾ ഒന്നായി തീരുന്നുവോ, അപ്പോൾ ഇസ്ലാം ശക്തി പ്രാപിക്കും. അപ്പോൾ അല്ലാഹു താൻ തന്നെ, അവന്റെ അനുഗ്രഹങ്ങൾ അവരിൽ ഇറക്കും. അവൻ വാഗ്ദാനം ചെയ്തതനുസരിച്ച് നാം വിജയശ്രീലാളിതരായി തീരുന്നതാണ്! ഇൻശാ അല്ലാഹ് .

**മുഹമ്മദൻ സമുദായത്തിൽ ഒരു ഖലീഫത്തുല്ലാഹ്‌യുടെ പ്രാധാന്യം** :

ഓരോ കാലത്തും അല്ലാഹു (ത) അവന്റെ ഖലീഫയെ ഭൂമിയിലേക്കയക്കുന്നു. ജനങ്ങൾ അദ്ദേഹത്തെ തിരസ്ക്കരിക്കുന്നു. അവർ അദ്ദേഹത്തെ തിരസ്ക്കരിക്കുക മാത്രമല്ല, അവന്റെ സൃഷ്ടാവിന്റെ സന്ദേശത്തെ എത്തിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ തടയുന്നതിനുള്ള എല്ലാ പദ്ധതികളും ആവിഷ്ക്കരിക്കുന്നു. അദ്ദേഹം നൽകുന്ന സന്ദേശത്തിൽ, മാനവകുലത്തിന്റെ സംരക്ഷണം അടങ്ങിയിരിക്കുന്നു. അദ്ദേഹം യഥാർത്ഥ വിശ്വാസം സംരക്ഷിക്കുന്നു. അവർക്ക് മാർഗ്ഗദർശനം നൽകുന്നു. അതുല്യനായ ദൈവത്തെ മാത്രം ആരാധിക്കുവാൻ അദ്ദേഹം കൽപ്പിക്കുന്നു. അദ്ദേഹം അവർക്ക് പരമോന്നതനായ ദൈവത്തിലേക്ക് എത്തിച്ചേരുവാനുള്ള പാത തുറന്നിടുന്നു. ദൗർഭാഗ്യവശാൽ, അവരുടെ അജ്ഞതയും നിഷേധ സ്വഭാവവും കാരണം, അവർ തന്നെ സൃഷ്ടിച്ച അവരുടെ വിഗ്രഹങ്ങളെ ആരാധിക്കുവാൻ ധാർഷ്ഠ്യം കാണിക്കുന്നു. ഒരു ഖലീഫത്തുല്ലാഹ് എന്നത് പ്രത്യേക നിലയിലുള്ള ഏകദൈവ വിശ്വാസത്തിന്റെ രക്ഷകർത്താവാണ്. അല്ലാഹു (ത) നബികരീം (സ) നോട് ചെയ്ത വാഗ്ദാനം പൂർത്തീകരിച്ചിരിക്കുന്നു. നബികരീം (സ) ന് ശേഷം ഖുലഫാഉർറാഷിദീൻ ഉണ്ടാകുമെന്നും, അങ്ങനെ വാഗ്ദത്ത മസീഹ് (അ) ന് ശേഷം, ഖുലഫാ ഉൽ മസീഹ് ഉണ്ടാകുമെന്നും, അല്ലാഹു (ത) വിശുദ്ധ ഖുർ ആൻ സൂറ: നൂറിൽ 24:56 ൽ പറഞ്ഞ പ്രകാരം ; വിശ്വസിക്കുകയും വിശുദ്ധ ഖുർആന്റെ കൽപ്പന പ്രകാരം സത് പ്രവർത്തികൾ ചെയ്യുകയും, ചെയ്യുന്നവർക്ക്, ദൈവീക നിർദ്ദേശങ്ങൾ പിൻപറ്റുകയും യഥാർത്ഥ വിശ്വാസം കരസ്ഥമാക്കുകയും നല്ല പ്രവർത്തനത്തിലൂടെ അല്ലാഹുവിനെ അനുസരിക്കുകയും ചെയ്യുന്നവർക്ക് - ഇതവരുടെ പ്രവർത്തനങ്ങളിൽ നിഴലിക്കുന്നതാണ് - അവർക്കായി അല്ലാഹു (ത) അവന്റെ പ്രതിനിധികളെ അയക്കുന്നതാണ്, ഖലീഫത്തുല്ലാഹ്മാരെ ഭൂമിയിൽ നൽകുന്നതാണ്, അവർക്ക് മുമ്പുള്ളവർക്ക് നൽകിയതുപോലെ. അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് ശക്തിപ്പെടുത്തി കൊടുക്കുന്നതാണ്. അവരുടെ ഭയത്തിന് ശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണ്.

നിശ്ചയം! ഈ വാഗ്ദാനം (വാഗ്ദാനം പൂർത്തീകരണം) ഒരു ദൈവീക വരദാനമാകുന്നു. നിസ്വാർത്ഥ വിശ്വാസികൾക്കായി അല്ലാഹുവിന്റെ ഏകത്വത്തിൽ അടിയുറച്ചു വിശ്വസിക്കുന്നവർക്ക് ! അല്ലാഹുവിനെ മാത്രം ഭയമുള്ളവർക്ക് ! സൃഷ്ടികളെ ഭയപ്പെടുന്നവർക്കുള്ളതല്ല. അവർ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരാണ്. അവർ അവന് ആരാധനയിൽ യാതൊരു പങ്കുകാരെയും സ്ഥാപിക്കുന്നവരുമല്ല. അവരുടെ, അല്ലാഹുവിനോടുള്ള സ്നേഹം, അനന്തമാണ്! അവർ എപ്പോഴും അല്ലാഹുവിന് വേണ്ടി അവരുടെ ജീവിതം ത്യാഗം ചെയ്യുവാൻ എപ്പോഴും തയ്യാറായിരിക്കും.

ഒരു ഖലീഫത്തുല്ലാഹ് എല്ലാവരുടെയും രക്ഷകർത്താവാകുന്നു. അദ്ദേഹം അവരുടെ ഹൃദയവും ബുദ്ധിയുമാകുന്നു. അദ്ദേഹം ശിർക്കിന്റെ ഒരണു എവിടെയെങ്കിലും എപ്പോഴെങ്കിലും കണ്ടാൽ, അദ്ദേഹം അതിനെ ഇല്ലാതാക്കുന്നു. ലോകം അദ്ദേഹത്തെപ്പറ്റി എന്തു കരുതുന്നു എന്നതിനെപ്പറ്റി ചിന്തിക്കുന്ന ആളല്ല

ഖലീഫത്തുല്ലാഹ്. അനുകൂലമായി പറയുന്നോ, അതോ പ്രതികൂലമായി പറയുന്നോ ! എതിരായി പ്രതികരണമുണ്ടാകുമ്പോൾ അദ്ദേഹം അല്ലാഹുവിൽ ആ കാര്യം ഭരമേൽപ്പിക്കുന്നു. അല്ലാഹു (ത) അദ്ദേഹത്തെ എപ്പോഴും സഹായിക്കുന്നതാണ്. കാരണം അല്ലാഹു (ത) തന്നെയാണ് അദ്ദേഹത്തെ നിയോഗിച്ചതും ഉയർത്തിയതും!

ഖലീഫത്തുല്ലാഹ്‌യുടെ ആഗമനത്തോടെ, കഴിഞ്ഞ ഖലീഫത്തുൽ മസീഹിന്റെ കാലത്ത് പരസ്യമായ തെറ്റുകൾ, അല്ലാഹുവിന്റെ സഹായത്താൽ ജമാഅത്തിൽ ആവർത്തിക്കുവാൻ ഖലീഫത്തുല്ലാഹ് ഉള്ളിടത്തോളം അനുവദിക്കുകയില്ല ഇൻശാഅല്ലാഹ്. ഞാൻ, ഈ നൂറ്റാണ്ടിലെ, ഖലീഫത്തുല്ലാഹ് എന്ന നിലയിൽ തറപ്പിച്ചു പറയുവാൻ ആഗ്രഹിക്കുകയാണ്. എവിടെയൊക്കെ ജമാഅത്തുസ്സഹീഹിൽ ഇസ്ലാം ലോകത്ത് സ്ഥാപിതമായിട്ടുണ്ടോ, ആ ജമാഅത്തുകളിൽ ഞങ്ങൾ ബിദ്അത്തും, ശിർക്കും പ്രവേശിക്കുവാൻ അനുവദിക്കില്ല. ഇൻശാ അല്ലാഹ്

ഇനി എവിടെയെങ്കിലും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ബിദ്അത്തും, ശിർക്കും നിലനിൽക്കുന്നുവെങ്കിൽ, അത് ഞാനറിഞ്ഞിട്ടുള്ളതായിരിക്കില്ല, എന്നാൽ ഇത് സംബന്ധമായുള്ള അറിവ് കിട്ടികഴിഞ്ഞാൽ, ഇത്തരം ബൈഅത്തുകൾ ചെയ്തവരും ഞാനുമായി ചേർന്ന് നിൽക്കുവാൻ, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ എനിക്ക് കഴിയുകയില്ല. ജമാഅത്തിൽ ശിർക്കും ബിദ്അത്തും, അനുവദിക്കുവാൻ സാധ്യമല്ല. ഇത് സംബന്ധമായ എന്റെ വ്യക്തിപരമായ അഭിപ്രായം, ഇത്തരം ആളുകൾ അവരുടെ ബൈഅത്തുകൾ മുറിച്ചു കളയേണ്ടതാണ്. അതിനാണ് ഞാൻ മുൻഗണന നൽകുന്നത്. ഈ കൊഴിഞ്ഞു പോകൽ എന്നെ ഒരു തരത്തിലും ബാധിക്കുന്നതുമല്ല. ഇനി ആരെങ്കിലും മുർതദ്ദ് ആയിപ്പോയാൽ, അല്ലാഹു (ത) പകരം നൂറ് സ്വാത്വികരും നിഷ്കളങ്കരുമായവരെ കൊണ്ടുവരും. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലേക്ക് ! നിശ്ചയമായും ഖലീഫത്തുല്ലാഹ്‌യും ഖലീഫത്തുല്ലാഹ്‌യുടെ ചുറ്റുമുള്ള മുത്തഖീങ്ങളും, ഞങ്ങളുടെ സ്യഷ്ടാവിനോടുള്ള ഞങ്ങളുടെ ബാദ്ധ്യതയാണ് ലോകത്തെ തൗഹീദ് (ഏകദൈവ വിശ്വാസം) കൊണ്ട് നിറയ്ക്കുക എന്നത് ! എല്ലാ നിലയിലും തൗഹീദിനെ സംരക്ഷിക്കുക എന്നതും ഞങ്ങളുടെ കർത്തവ്യമാണ്. ആയതിനാൽ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനോട് ചേർന്നു നിൽക്കുന്ന എല്ലാവരോടുമുള്ള എന്റെ ഉപദേശം, നിങ്ങൾ ബൈഅത്തിനെ മുറുകെ പിടിക്കേണ്ടതുണ്ട്. നിങ്ങൾ അല്ലാഹുവിനോടും ഖലീഫത്തുല്ലാഹ്‌യോടുമാണ് ബൈഅത്തു ചെയ്തിരിക്കുന്നത്. നിങ്ങൾ കാര്യങ്ങൾ വേണ്ട പോലെ ഗ്രഹിക്കുവാനാണ് ഞാൻ ഇത് പറഞ്ഞുകൊണ്ടിരിക്കുന്നത്.

നിങ്ങൾ മനസ്സിലാക്കണം അല്ലാഹു (ത) അവന്റെ ഖലീഫയെ നിയോഗിക്കുമ്പോൾ, അദ്ദേഹത്തോടൊപ്പം റൂഹുൽ ഖുദ്സിനേയും അയക്കുന്നു. ഖലീഫത്തുല്ലാഹ് എന്നത് മനോഹരമായ നിലയിൽ പൊതിഞ്ഞു വച്ചിരിക്കുന്ന അല്ലാഹുവിന്റെ സമ്മാനമാണ്; റൂഹുൽ ഖുദ്സ് എന്നത് മനോജ്ഞമായ സമ്മാനപൊതിയിൽ ഖലീഫത്തുല്ലാഹ്‌യെ ഉയർത്തിക്കാട്ടുന്ന, ജനങ്ങൾക്ക് വേണ്ടിയുള്ള, ദൈവീക പ്രകാശമാണ്. ആ സന്ദേശം എല്ലാ ഓരോരുത്തർക്കും അദ്ദേഹം നൽകുന്നു - നിങ്ങളെ അന്ധകാരത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി - ആ ദൈവീക പ്രകാശം നേടുന്നതിന് നിങ്ങൾ ഖലീഫത്തുല്ലാഹ്‌യുമായി സ്വയം പറ്റിച്ചേർന്ന് നിൽക്കേണ്ടതുണ്ട്. വിശ്വാസികളുടെ ഒരു സമൂഹം പടുത്തുയർത്തുന്ന പ്രക്രയയിൽ ! ഇത് ഖലീഫത്തുല്ലാഹ്‌യുടെ മാത്രമുള്ള ഉത്തരവാദിത്വമാണ്; ഈ പ്രത്യേക അധികാരം മറ്റാർക്കും നൽകിയിട്ടുമില്ല. അല്ലാഹു(ത) എന്നെ തെരഞ്ഞെടുത്തിരിക്കുന്നു. അവന്റെ അതിമഹത്തായ അനുഗ്രഹമാണത്; അവന്റെ അനന്തമായ ബുദ്ധി വൈഭവവുമാണ്; ഈ കാലഘട്ടത്തിലെ ഖലീഫത്തുല്ലാഹ് എന്ന നിലയിൽ അല്ലാഹു (ത) ആണ് എനിക്ക് ഈ ബഹുമതി നൽകിയത്. ഈ അനുഗ്രഹം നൽകിയത്. ഈ ദൗത്യം നൽകിയത്. ഹസ്രത് മുഹമ്മദ് (സ) യുടെ സേവനത്തിനായി ആ സമുദായത്തെ കെട്ടിപടുക്കുവാനായി. ആയതിനാൽ ഈ വിനീതന്, ഖലീഫത്തുല്ലാഹ്ക്ക് ഈ ദൗത്യം അല്ലാഹുവിൽ നിന്ന് ഈ നൂറ്റാണ്ടിലേക്ക് ലഭിച്ചിരിക്കുകയാണ്.

വളരെ വേദനയും ദുഃഖവും ഉള്ള കാര്യമാണ് ! അല്ലാഹുവിനോട് പ്രാർത്ഥിക്കാതെ, അവരുടെ നേതാക്കൻമാർ പറയുന്നത് ശ്രവിക്കുന്നവരോട് എനിക്കെന്താണ് പറയുവാൻ കഴിയുക? ഞാൻ സത്യവാനാണോ

അല്ലയോ എന്ന കാര്യം നിങ്ങൾ അല്ലാഹുവിനോടല്ലേ ചോദിക്കേണ്ടത് ? മാർഗ്ഗദർശനത്തിനായി അവനോടല്ലേ യാചിക്കേണ്ടത് ? തങ്ങളുടെ വിഗ്രഹങ്ങൾ ഈ ദൈവീക സത്യത്തെ നിരസിച്ചു. അഹംഭാവത്തോടെ പിന്തിരിഞ്ഞു പോയവർ, ഒരു ദിവസം അവർ അതി കഠിനമായി ഖേദിക്കേണ്ടി വരും. അവരെ സംബന്ധിച്ചിടത്തോളം അവർ അന്ന് വളരെ വൈകിപ്പോയിരിക്കും. അവരുടെ വിഗ്രഹങ്ങൾ പറഞ്ഞത് കേട്ടതുമൂലവും അവരുടെ തെറ്റായ വ്യാഖ്യാനം മൂലവും അവർ അന്നാളിൽ ഖേദിക്കേണ്ടി വരും ! ഞാനുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചതിൽ അന്നവർ ഖേദിക്കും. ഞാനുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചതിലൂടെ, അവർ ചെയ്തത് ഉമ്മത്തെ വാഹിദ : യുമായുള്ള എല്ലാ ബന്ധങ്ങളുമാണ് വിച്ഛേദിച്ചത്! അതിലൂടെ അവർ ചെയ്ത എല്ലാ പ്രവർത്തനങ്ങളും മഹത്തായ പ്രവർത്തനങ്ങൾ ആയിരുന്നുവെങ്കിൽപോലും അവയെല്ലാം പ്രയോജനരഹിതങ്ങളായിപ്പോയി. ഒരു ഫലവും വിളയിക്കാൻ കഴിഞ്ഞില്ല/ ഒരു വിജയവും നേടാനുമായില്ല.

**2001 മുതൽ 2015 വരെ 14 വർഷങ്ങൾ, ഈ ആളുകൾക്ക് അല്ലാഹുവിൽ നിന്നുള്ള എത്രയോ വ്യക്തമായ അടയാളങ്ങൾക്ക് സാക്ഷികളാകാൻ കഴിഞ്ഞു. എന്നാൽ സത്യത്തെ നിരസിക്കുന്നതിൽ അവർ ദുഃശ്ശാഠ്യക്കാരായിരുന്നു; അവർ അന്ധരായി നിലകൊണ്ടു. എന്നാൽ, അന്ധമായ നയനങ്ങളുമായി അവർക്ക് എവിടെയാണ് പോകാൻ കഴിയുക ? അതുകൊണ്ട്, അഭിവാദനങ്ങൾ, ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ ഖലീഫയെ അംഗീകരിച്ചവർക്ക് അഭിവാദനങ്ങൾ ! അവർ ഒരു നിസ്സഹകരണത്തെയും ഭയന്നില്ല; ഒരു പീഢനത്തെയും ഭയന്നില്ല; അതി കഠിനമായ ഒരു പരീക്ഷണത്തെയും ഭയന്നില്ല. എന്തുതന്നെ വന്നാലും, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലായിൽ, ആത്മാർത്ഥമായി വിശ്വസിക്കുവാനും അംഗീകരിക്കുവാനും അവർ തയ്യാറായി. ഒരു സെക്കന്റിന്റെ ഒരു ഭാഗം പോലും അവർ തള്ളിപറഞ്ഞില്ല, പിൻതിരിഞ്ഞില്ല. അവർ വിശ്വാസത്തിൽ ഉറച്ചു നിന്നു. അല്ലാഹുവിനും അവന്റെ ഖലീഫയിലുമുള്ള വിശ്വാസത്തിൽ അവർ അടി പതറിയില്ല! അവർ അക്ഷീണരായി രാവും പകലും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജോലി ചെയ്തു. ഈ നൂറ്റാണ്ടിൽ അല്ലാഹുവിന്റെ ഖലീഫയുടെ ആഗമന വാർത്ത ലോകമെങ്ങും അവർ നൽകിക്കൊണ്ടിരുന്നു. അവരുടെ സമയവും, ഊർജ്ജവും, ധനവും ഈ മഹത്തായ കാര്യത്തിനായി അവർ ചെലവഴിച്ചു. മാത്രമല്ല, സന്തോഷത്തോടെ അവർ ത്യാഗത്തിനുമേൽ ത്യാഗം വരിച്ചു. അവരുടെ ജീവനും, മാന്യതയ്ക്കും, ജോലിക്കും വരെ ഭീഷണികൾ ഉയർന്നു. ഈ ഭീഷണികളൊന്നും അവരുടെ മുമ്പിൽ വിലപോയില്ല. അല്ലാഹു (ത) സത്യവിശ്വാസികളോട് വാഗ്ദാനം ചെയ്തത് ഈ നൂറ്റാണ്ടിലും അവൻ പൂർത്തിയാക്കി എന്നവർ മനസ്സിലാക്കി. ആയതിനാൽ, ഈ ത്യാഗങ്ങളിൽ, എന്റെ പ്രസ്ഥാനത്തിനോ, ആത്മാർത്ഥ അനുയായികൾക്കോ യാതൊരപകടവും ഉണ്ടായില്ല. ഞാനിതുകൂടി പറയുവാൻ ആഗ്രഹിക്കുകയാണ്. എന്റെ അനുയായികൾ, നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) യുടെ അനുയായികളെ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. ഞാനവർക്ക് എന്ത് നിർദ്ദേശങ്ങൾ നൽകുന്നുവോ, ഞാനെന്ത് ആവശ്യം അവരോട് പറയുന്നുവോ, അതിനവർ ലബൈയ്ക്ക് പറയുന്നു അവരുടെ ഖലീഫത്തുല്ലാഹ്‌യിലുള്ള വിശ്വാസം, അല്ലാഹുവിലുള്ള വിശ്വാസം കൂടിയാണ്, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യിലുള്ള വിശ്വാസം കൂടിയാണ്, മാത്രമല്ല വാഗ്ദത്ത മസീഹ് (അ) യിലുള്ള വിശ്വാസം കൂടിയുമാണ് !**

ഒരു ഖലീഫത്തുല്ല തന്റെ അസ്ഥിത്വത്തിന് പ്രാധാന്യം നൽകാറില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ വാദത്തിൽ വിശ്വസിക്കാത്തവർ പറയുന്നത് **“ ഇത്തരം ആളുകൾ, ദൈവീക സന്ദേശം ലഭിക്കുന്നത്, അല്ലാഹുവിന്റെ ദൂതനാണെന്ന് തന്നത്താൻ അങ്ങ് പ്രഖ്യാപിക്കുകയാണോ ?”** എന്നിട്ട്, അവർ അദ്ദേഹത്തെ പരിഹസിക്കുന്നു; കളിയാക്കുന്നു. ഒരു ഖലീഫത്തുല്ലായ്ക്ക് തന്റെ വിശ്വാസത്തെപ്പറ്റിയോ അവസ്ഥയേ പറ്റിയോ, ജനങ്ങളുടെ വിധിയൊന്നും ആവശ്യമില്ല. അദ്ദേഹത്തിന് തന്റെ തെറ്റുകളും ദൗർബല്യങ്ങളും നന്നായി അറിയാം. അല്ലാഹു (ത) അദ്ദേഹത്തെ ആ സ്ഥാനത്തേക്ക് ഉയർത്തിയത് ഏത് സാഹചര്യത്തിലാണെന്ന് അദ്ദേഹത്തിന് നല്ലതു പോലെ അറിയാം. അല്ലാഹു (ത) അദ്ദേഹത്തെ അദ്ദേഹത്തിന്റെ കൂട്ടാളികളെയും ഒരു ദൈവീക മനുഷ്യൻ എന്ന നിലയിൽ നിശ്ചയമായും സംരക്ഷിക്കുന്നതാണ്.

ഹസ്രത് മസീഹ് മൗഊദ് (അ) ഒരു പദ്യശകലത്തിൽ പറഞ്ഞു. **“ അല്ലയോ മന്ദ ബുദ്ധികളെ ! അരിവാൾകൊണ്ട് എന്നെ ആക്രമിക്കാൻ വരുന്നവരെ ! നിങ്ങൾ മനസ്സിലാക്കൂ. ഫലങ്ങളാൽ ഭാരമേന്തിയ ഒരു ശിഖര**

**മാകുന്നു ഞാൻ! തോട്ടമുടമ എന്നെ മുറിച്ചു മാറ്റുവാൻ നിങ്ങൾക്കൊരിക്കലും അനുവാദം തരുന്നതല്ല"**

**ഒരു ഖലീഫത്തുല്ലാഹ് എന്നാൽ അത് അല്ലാഹുവിന്റെ കരങ്ങളാൽ ഉയർത്തപ്പെടുന്നതാണ്. അതു കൊണ്ട്, നിശ്ചയം അത് ഭാരമേന്തിയ മനോഹര ഫലങ്ങളാൽ നിറയപ്പെട്ട ശിഖരമാണ്. എല്ലാ ആളുകളുടെയും ശ്രദ്ധ അത് പിടിച്ചു പറ്റുന്നതാണ്. അതുകൊണ്ട് ഈ ഫലങ്ങൾ ലോകത്ത് അല്ലാഹു വീണ്ടും സ്ഥാപിക്കുന്ന താണ്. ആ വൃക്ഷത്തെ സമ്പന്നമാക്കുവാൻ അവൻ കഴിവുറ്റവനാണ് അത് എന്നെന്നും പച്ചപിടിച്ചു നിൽക്കുന്ന താണ്. അതുകൊണ്ട് അത് തൗഹീദാകുന്ന ഫലത്തെ ഉൽപ്പാദിപ്പിക്കുന്നു. ദുരുദ്ദേശത്തോടെ നിങ്ങൾ അതിനെ ആക്രമിച്ചാൽ, അഥവാ ദുഷിച്ച ചിന്ത അദ്ദേഹത്തിന്റെ മേൽ നിങ്ങൾക്കുണ്ടായാൽ, അത് നിങ്ങളുടെ തന്നെ നാശത്തിനിടയാക്കും. കാരണം അല്ലാഹു തന്നെയാണ് അദ്ദേഹത്തിന് താങ്ങായി നിൽക്കുന്നത്. അല്ലാഹു (ത) യാണ് ഖലീഫത്തുല്ലാഹ്‌യെ ഭൂമയിൽ നിയോഗിക്കുന്നത്. അതുകൊണ്ട് അദ്ദേഹം അതിന്റെ പരമമായ ലക്ഷ്യം നേടുകതന്നെ ചെയ്യും. അതായത് ഭൂമിയിൽ ഒരേ ഒരു മതം സ്ഥാപിക്കുക, ഏക ദൈവ വിശ്വാസം വ്യാവിപ്പി ക്കുക, ലോകം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ അംഗീകരിക്കുക. അദ്ദേഹത്തിന്റെ ആഗമനത്തെക്കു റിച്ച് എല്ലാ മതഗ്രന്ഥങ്ങളിലും പ്രവചനം ചെയ്തിട്ടുള്ളതാകുന്നു. ലോകത്ത് ആഗതരായിട്ടുള്ള കഴിഞ്ഞ കാല പ്രവാചകന്മാരെയെല്ലാം അംഗീകരിച്ചുകൊണ്ടാണ് പ്രവാചക ശ്രേഷ്ഠനായി അദ്ദേഹം നിലകൊള്ളുന്നത്.**

സത്യന്വേഷികളുടെ ഹൃദയം അല്ലാഹു തുറക്കട്ടെ ! ഈ സത്യം അംഗീകരിക്കട്ടെ! ദൈവത്തിന്റെ കഠിന ശിക്ഷ ഭൂമിയിൽ പതിക്കുന്നതിന് മുമ്പ് ! ആയതിനാൽ നമുക്ക് പ്രാർത്ഥിക്കാം അല്ലാഹു (ത) അവന്റെ ദൈവീക ശിക്ഷ നമ്മിൽ നിന്നും വിദൂരമാക്കട്ടെ ! ലോകം ഈ പരമമായ സത്യം മനസ്സിലാക്കട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ. സുമ്മ ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************